**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **23-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദ വിവരങ്ങൾ നൽകാമോ; | (എ) | സർക്കാർ സ്ഥാപനങ്ങളായ ആരോഗ്യവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, റവന്യൂ, പോലീസ്, വാട്ടർ അതോറിറ്റി, യൂണിവേഴ്സിറ്റി മുതലായവയിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഏകദേശം 590 ഓളം സർക്കാർ സ്ഥാപനങ്ങളിൽ ഇതിനായി 14 മെഗാവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സൗര ഒന്നാം ഘട്ട പദ്ധതിയിൽ മോഡൽ-I ലാണ് സൗരനിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. പൂർണ്ണമായും കെ.എസ്.ഇ. ബി.എൽ. - ന്റെ മുതൽമുടക്കിലാണ് നിലയം സ്ഥാപിക്കുന്നത്. പുരപ്പുറം വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി നിലയം ആകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10 ശതമാനം ഉപഭോക്താവിന് നൽകുകയും 90 ശതമാനം കെ.എസ്.ഇ.ബി.എൽ. എടുക്കുകയും ചെയ്യുന്നു. നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | എം.എൽ.എ. ഫണ്ട് മുഖേന സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ഏതെങ്കിലും സർക്കാർ/എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ? | (ബി) | ഇല്ല. എന്നാൽ കാട്ടാക്കട എം.എൽ.എ. അഡ്വക്കേറ്റ് ഐ.ബി. സതീഷ് അവർകൾ 2021-22 വർഷത്തേയ്ക്ക് ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ച് ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ